സാഹിത്യവാരഫലം

2002/06/14 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

2002/06/14-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

സ്റ്റങ്ദൽ

പത്തൊൻപതാം ശതാബ്ദത്തിന്റെ പൂർവാർദ്ധത്തിൽ ഫ്രാൻസിൽ ജീവിച്ച മഹാനായ നോവലിസ്റ്റ് സ്റ്റങ്ദൽ (Stendhal, 1783–1842) “Love” എന്ന പേരിൽ മനോഹരവും വിദ്വജ്ജനോചിതവുമായ പുസ്തകമെഴുതിയിട്ടുണ്ട്. ഇന്നും അതിന്റെ നൂതനത്വം നശിച്ചിട്ടില്ല. അതിൽ ശാരീരിക പ്രേമത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. നിങ്ങൾ വേട്ടയാടുകയാണ്. കാട്ടിലൂടെ ഓടുന്ന സുന്ദരിയായ പെൺകുട്ടിയെ നിങ്ങൾ കാണുന്നു. ഇത്തരം ആഹ്ളാദത്തിൽ നിന്നാണ് പ്രേമം ഉണ്ടാകുന്നതെന്ന് എല്ലാവർക്കും അറിയാം. നിങ്ങൾ എത്ര ദയനീയാവസ്ഥയിലാണെങ്കിലും ഇവിടെയാണ് പതിനാറു വയസ്സിൽ നിങ്ങളുടെ പ്രേമജീവിതം ആരംഭിക്കുന്നത്. മരങ്ങൾക്കിടയിലൂടെ ഓടുന്ന സുന്ദരിയെക്കണ്ടാൽ മാത്രമല്ല പ്രേമത്തിന്റെ ഉദ്ഭവം നിങ്ങൾ രാജരഥ്യയിലൂടെ നടക്കുമ്പോൾ നിങ്ങൾക്കഭിമുഖമായി ഒരു പരിചയവുമില്ലാത്ത സുന്ദരി വരുന്നു. അവളുടെ ചുണ്ടുകളിൽ മന്ദസ്മിതം. ആ മന്ദസ്മിതത്തോടുകൂടി അവൾ നിങ്ങളെ കടന്നുപോകുന്നു. ഉൾക്കുളിരുണ്ടാകുന്നു നിങ്ങൾക്ക്, നിങ്ങൾ നടക്കുന്നു. കമ്പിവേലിക്കപ്പുറത്ത് ഒരു പൂ വിടർന്നു നില്ക്കുന്നതു കാണുന്നു. അതും ആഹ്ലാദജനകം. ഇങ്ങനെയാണ് വ്യക്തികളും വസ്തുക്കളും നമ്മളുമായി ബന്ധപ്പെടുന്നത്. വൈരൂപ്യമാർന്ന ആളുകളും വസ്തുക്കളും നിങ്ങൾക്കു ക്ഷോഭം ജനിപ്പിച്ചെന്നുവരാം. പക്ഷേ, സൗന്ദര്യത്തിന്റെ അതിപ്രസരവും അതിൽ നിന്ന് ഉണ്ടാകുന്ന ആഹ്ലാദാനുഭൂതിയുമാണ് ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. സ്റ്റങ്ദൽ അപരിചിതയെക്കണ്ട്—വൃക്ഷങ്ങൾക്കിടയിലൂടെ ഓടിമറയുന്ന പെൺകുട്ടിയെ ദർശിച്ച്—കൊടുമ്പിരിക്കൊണ്ട വികാരത്തിനു വിധേയനായി ഈ വികാരം സ്റ്റങ്ദലിന്റെ സൗന്ദര്യബോധത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

ക്ഷുദ്രവസ്തുക്കൾ നേരിട്ടുള്ള ദർശനത്താലല്ല അവയുടെ പരോക്ഷസാന്നിദ്ധ്യം കൊണ്ടുതന്നെ പുരുഷന്മാരെ ചലനം കൊള്ളിക്കുമെന്നതിന് തെളിവായി ഒരു ഫ്രഞ്ച് കഥയിലെ ചില സംഭവങ്ങളെക്കുറിച്ച് എനിക്കു പറയാൻ കൗതുകമുണ്ട്. ഒരു പോലീസ് ഉദ്യോഗസ്ഥൻ താൻ താമസിക്കുന്ന മുറിക്ക് മുകളിലായി ഫ്ലാറ്റിൽ വസിക്കുന്ന ഒരു പെൺകുട്ടിയുടെ ഷൂസിന്റെ പിൻഭാഗം-മടമ്പ്-ഉണ്ടാക്കുന്ന ശബ്ദം കേട്ടു ഹർഷോന്മാദത്താൽ വീഴുന്നു. ആദ്യമാദ്യം മടമ്പിന്റെ ശബ്ദം പോലീസ് ഓഫീസറെ രസിപ്പിച്ചിരുന്നില്ല. ക്രമേണ അയാൾക്കതു രസജന്യമായി. ആ ഒച്ച കേൾക്കാൻ അയാൾ കാത്തുനില്ക്കുമായിരുന്നു. മുകളിലുള്ള പെൺകുട്ടിയുടെ അൺഡെർവെയറിനെക്കുറിച്ചു അയാൾ വിചാരിച്ചു തുടങ്ങി. ആ നശിച്ച മേല്ക്കുട്ട് ഇല്ലായിരുന്നെങ്കിൽ കൈനീട്ടി അവളുടെ തുടയിൽ തൊടാമായിരുന്നു അയാൾക്ക്. ആ ഊഷ്മളമായ തുടകളാണ് അയാൾക്ക് വേണ്ടിയിരുന്നത്. അവളുടെ തുടകളാൽ അമർത്തപ്പെട്ടു ശ്വാസംമുട്ടി മരിക്കാനായിരുന്നു അയാളുടെ ആഗ്രഹം. പെൺകുട്ടി നടക്കുമ്പോൾ മടമ്പിൽ നിന്നുണ്ടാകുന്ന ശബ്ദം അയാൾ റെക്കോർഡ് ചെയ്തുവച്ചു. രാത്രിയിൽ ഇയർഫോണിലൂടെ അത് അയാൾ വീണ്ടും കേട്ട് ആഹ്ലാദിച്ചു. ഒരു ദിവസം അയാൾ തന്റെ കബഡ് (cupbord) പെൺകുട്ടി നടക്കുന്ന സ്ഥലത്തിന്റെ താഴെക്കൊണ്ടു വച്ച് മുക്ക് മേൽത്തട്ടിൽ തട്ടത്തക്കവിധത്തിൽ അതിന്റെ മുകളിൽ കിടന്നു. ഒരോ ദിവസവും രണ്ടുമണിക്കൂർനേരം അയാൾ അവിടെ കിടക്കുമങ്ങനെ. ഏതാനും സെന്റിമീറ്ററിന് താഴെ കിടക്കുന്ന അയാളെ ചവിട്ടികൊണ്ടാണ് അവളുടെ നടത്തം. അയാളുടെ കവിളുകളിൽ അവളുടെ സൂചിപോലുള്ള മടമ്പിന്റെ സ്പർശമേറ്റ് തുള വീഴും. അവൾ അയാളുടെ മാംസത്തിലൂടെ, വാരിയെല്ലുകളിലൂടെ നടക്കുകയാണ്. അവൾ അയാളുടെ ജനനേന്ദ്രിയത്തെ നടത്തത്താൽ തകർക്കുകയാണ്. അടിയിൽ കിടന്നുകൊണ്ട് അയാൾ പെൺകുട്ടിയെ നോക്കുകയാണ്. സ്കൂളിൽ ടീച്ചർ മുകളിലേക്കു പോകുമ്പോൾ കുട്ടി തല വളച്ച് അവരുടെ പാവാടയുടെ താഴത്തെ ഭാഗത്തിലൂടെ മുകളിലേക്കു നോക്കുന്നതുപോലെ. ഞാൻ ഇക്കഥ മുഴുവൻ സംഗ്രഹിച്ചെഴുതുന്നില്ല. നേരിട്ടുള്ള ദർശനമില്ലാതെ പരോക്ഷദർശനം കൊണ്ട് വികാരമനുഭവിക്കാം എന്ന തത്വത്തിന് നിദർശകമായി ഒരു ഫ്രഞ്ച് കഥയുടെ ഏതാനും ഭാഗം എടുത്തു കാണിച്ചതേയുള്ളൂ. നമ്മുടെ മാനദണ്ഡങ്ങൾ വച്ചു നോക്കിയാൽ അതു അശ്ലീലതയിൽ പെട്ടേക്കാം. എനിക്കതിൽ വിപ്രതിപത്തിയില്ല. പ്രത്യക്ഷവും പരോക്ഷവുമായ വസ്തുക്കളും വസ്തുതകളും സഹൃദയരെ രസിപ്പിക്കുന്ന എന്ന കലാതത്ത്വം സ്പഷ്ടമാക്കാനാണ് ഞാൻ ഇത്രയുമെഴുതിയത് (The Oxford Book of French Stories, Elizabeth–Fallaize, Oxford University Press. See page 333 for the story; Total pages 352, Rs. 495.00).

ചോദ്യം, ഉത്തരം

ചോദ്യം: ചന്ദ്രനിൽ മനുഷ്യൻ കാൽ കുത്തിയതിനുശേഷം അതിനോടുള്ള മാനസികനിലയ്ക്കു മാറ്റം വന്നില്ലേ?

ഉത്തരം: ചന്ദ്രനിൽ മനുഷ്യൻ ഇറങ്ങിയ ദിനത്തിന്റെ അടുത്ത ദിവസത്തിൽ ജി. ശങ്കരക്കുറുപ്പിന്റെ പ്രഭാഷണമുണ്ടായിരുന്നു തിരുവനന്തപുരത്തെ ടൗൺഹാളിൽ. അദ്ദേഹം പ്രഭാഷണത്തിനിടയ്ക്കു പറഞ്ഞു ‘മനുഷ്യർ ദിവസവും ചന്ദ്രനിലേക്കു യാത്രചെയ്താലും പൂർണ്ണചന്ദ്രനെ കാണുമ്പോൾ വിരഹദുഃഖമനുഭവിക്കുന്ന സ്ത്രീക്ക് ദുഃഖം കൂടും. ഒരിക്കൽ പവനൻ പ്രസംഗിക്കുന്നതു ഞാൻ കേട്ടു. അദ്ദേഹം മദ്രാസ് കടപ്പുറത്തു വെളുത്ത വാവിൻനാളിൽ വിശന്നു കിടക്കുമ്പോൾ ആഗ്രഹിച്ചത്രേ ചന്ദ്രൻ ദോശയായിരുന്നെങ്കിൽ, അതു തിന്നാൻ കിട്ടിയിരുന്നെങ്കിൽ എത്ര നന്നായിരുന്നുവെന്ന്.

ചോദ്യം: സന്താനങ്ങളോട് അച്ഛനമ്മമാർക്കു സ്നേഹം എത്ര വർഷം നില്ക്കും?

ഉത്തരം: പെൺപിള്ളരോടുള്ള അവരുടെ സ്നേഹം കൂടിവന്നാൽ പത്തുവർഷം നില്ക്കും. ആൺപിള്ളരോടുള്ള സ്നേഹം ഏഴുവർഷം നില്ക്കും. പിന്നെ നീരസമുണ്ടാകും. അവരോട് നീരസം ഇഷ്ടക്കേടിൽ നിന്ന് ശത്രുതയിലേക്കു വളരും. ഇരുപതു വയസ്സായ മകനെ അച്ഛനു കണ്ണിനു കണ്ടുകൂടാ എന്നാവും.

ചോദ്യം: സ്ത്രീക്കു മഹാദുഃഖം ഉണ്ടാകുന്നതു എപ്പോൾ?

ഉത്തരം: മകനെ അതിരറ്റു സ്നേഹിച്ച അമ്മ അവന്റെ വിവാഹത്തിനുശേഷം അമ്മായിയമ്മയുടെ ദാസനായി മാറി തന്നെ കാണാൻ വരാത്തപ്പോൾ. പല ആൺമക്കളും ഇങ്ങനെ അമ്മമാരെ ദുഃഖിപ്പിക്കുന്നുണ്ട്.

ചോദ്യം: എന്റെ ആപ്തമിത്രം ആഹാരത്തിനു വഴിയില്ലാതെ പട്ടിണി കിടക്കുന്നു. ഞാനും ആ സുഹൃത്തിന്റെ അടുത്തു ചെന്നുകിടക്കുന്നതല്ലേ ഉചിതം?

ഉത്തരം: നിങ്ങളുടെ ആ സ്നേഹിതൻ കാറപകടത്തിൽ പെട്ടു റോഡിൽ കിടന്നാൽ നിങ്ങൾ അയാളെ റ്റാക്സിയിൽ കയറ്റി ആശുപത്രിയിൽ കൊണ്ടുപോകുമോ അതോ അയാളുടെ കൂടെ റോഡിൽ കിടക്കുമോ?

ചോദ്യം: സാഹിത്യത്തെക്കുറിച്ച വിശാലവീക്ഷണമുള്ളവരല്ലേ നമ്മുടെ നിരൂപകർ?

ഉത്തരം: അവർക്കു സങ്കുചിത വീക്ഷണമേയുള്ളൂ. നിരൂപണ പ്രബന്ധങ്ങൾ എഴുതുന്ന ഒരു സ്ത്രീ വൈലോപ്പിള്ളിയുടെ ‘കടിയൊഴിക്കലിനെ’ കുറിച്ച് ആയിരമായിരം ലേഖനങ്ങൾ എഴുതിക്കഴിഞ്ഞു. ജി. ശങ്കരക്കുറുപ്പിന്റെ കവിതയെക്കുറിച്ച് വാ തോരാതെ പ്രസംഗിക്കുന്നു; എഴുതുന്നു. ഇതു വിശാലവീക്ഷണമാണോ? ഒരു പുരുഷൻ റ്റി. പദ്മനാഭനെക്കുറിച്ച് ഗ്രന്ഥമെഴുതി. കുട്ടികൃഷ്ണമാരാരെക്കുറിച്ച് ഗ്രന്ഥമെഴുതുമെന്ന് കേരളീയരെ ഭീഷണിപ്പെടുത്തുന്നു. പടിഞ്ഞാറൻ കഥാകാരന്മാരുടെ കഥകൾ വായിച്ചിട്ടുണ്ടെങ്കിൽ, കോൾറിജ്ജ്, എലിയറ്റ് ഇവരുടെ നിരൂപണങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ പദ്മനാഭൻ, മാരാർ, ഇവരെപ്പറ്റി അദ്ദേഹം ഗ്രന്ഥമെഴുതാൻ തുടങ്ങുമോ?

ചോദ്യം: റോസാപ്പൂ, പിച്ചിപ്പൂ, മുല്ലപ്പൂ, ഇവയിൽ ഏതു പൂവിന്റെ മണമാണ് നിങ്ങൾക്കിഷ്ടം?

ഉത്തരം: എനിക്ക് ഈ പൂക്കളുടെ മണം ഇഷ്ടമല്ല പെട്രോളിന്റെ മണം ഇഷ്ടമാണ്.

ചോദ്യം: ആറ്റൂർ രവിവർമ്മ, കെ. ജി. ശങ്കരപിള്ള ഇവരുടെ കവിതകൾ വായിക്കുന്നുണ്ടോ നിങ്ങൾ?

ഉത്തരം: പഴയ റ്റെലിഫോൺ ഡയറക്ടറി എന്റെ വീട്ടിലുണ്ട്. ഞാനതു വായിക്കുന്നു. നല്ല രസം.

കൊല്ലരുതനിയാ കൊല്ലരുത്


ജി. ശങ്കരക്കുറുപ്പ്

ഏർവിങ് സ്റ്റോണിന്റെ നോവലുകൾ വായിച്ച് അത്ഭുതാധീനനായ കെ. സുരേന്ദ്രൻ കേരളത്തിലെ ചിലരുടെ ജീവിതത്തെ അവലംബിച്ച് നോവലുകൾ എഴുതി. പക്ഷേ, സ്റ്റോണിന്റെ നോവലുകൾക്കുള്ള സൗന്ദര്യത്തിന്റെ ആയിരത്തിലൊരംശം പോലും സുരേന്ദ്രന്റെ നോവലുകൾക്ക് ഇല്ലായിരുന്നു. കുമാരനാശാന്റെ ജീവചരിത്രത്തെ അവലംബിച്ച് അദ്ദേഹം രചിച്ച ഗ്രന്ഥം മുണ്ടശ്ശേരി വേറൊരു ഗ്രന്ഥത്തെക്കുറിച്ച് പറഞ്ഞതുപോലെ അമ്പേ പരാജയമായിരുന്നു. താൻ ചിത്രീകരിക്കുന്ന വ്യക്തിയുടെ ജീവിതം സാമാന്യമായ രീതിയിൽ പ്രതിപാദിച്ചതേയുള്ളൂ സുരേന്ദ്രൻ. നോവലിസ്റ്റ് വിദഗ്ദ്ധനായ ഫോട്ടോഗ്രാഫറെപ്പോലെയാണ്. തന്റെ മുൻപിലിരിക്കുന്ന വ്യക്തിയുടെ അനാദൃശ്യമായ ഒരു നിമിഷം കണ്ടുപിടിച്ച് ഛായാഗ്രഹണപേടകത്തിന്റെ ബട്ടൺ അമർത്തിയാൽ ആ ഫോട്ടോയ്ക്ക് അനാദൃശ്യസ്വഭാവം വരും. അയാളുടെ സ്വഭാവം മുഖത്തു കാണും. സുരേന്ദ്രൻ ഈ വിധത്തിൽ ഫോട്ടോഗ്രാഫറായിരുന്നില്ല. ജീവചരിത്രം സംക്ഷേപിച്ചെഴുതുമ്പോഴും സൂക്ഷ്മതയിലായിരുന്നു അദ്ദേഹത്തിന്റെ കണ്ണ്. സൂക്ഷ്മതയിൽ മനസ്സിരുത്തുന്ന ഒരു കലാകാരനും ആ പേരിന് അർഹനായിട്ടില്ല. അതിനാലാണ് കെ. സുരേന്ദ്രൻ എന്ന നോവലിസ്റ്റ് ഇന്നു സാഹിത്യമണ്ഡലത്തിൽ നിന്ന് അപ്രത്യക്ഷ്യനായിപ്പോയത്.

ഈ കലാതത്ത്വം കവിക്കും കഥാകാരനും യോജിക്കും. മനുഷ്യജീവിതം-കാര്യകാരണബന്ധമുള്ള മനുഷ്യജീവിതം. അതുപോലെ പകർത്തിവച്ചാൽ കലയാവുകയില്ലെന്ന് നമ്മുടെ എഴുത്തുകാർക്ക് അറിഞ്ഞുകൂടാ. വ്യക്തികളെ നേരിട്ടു കഥാപാത്രങ്ങളാക്കിക്കളയും സുരേന്ദ്രൻ. ഒരു നോവലിൽ ഡോക്ടർ അയ്യപ്പപ്പണിക്കരെ കയറ്റിയിട്ടുണ്ട് അദ്ദേഹം. പേരു മാത്രം മാറ്റം. ഈ വാചികവസ്ത്രധാരണം വ്യക്തിയുടെ വ്യക്തിത്വത്തെ അനാവരണം ചെയ്യുകയില്ല. മുണ്ടും ഷേർട്ടും ധരിച്ച് താടിവളർത്തി കാറിൽ സഞ്ചരിക്കുകയോ നടന്നു പോവുകയോ ചെയ്യുന്ന അയ്യപ്പപ്പണിക്കരെ നമ്മളെല്ലാവരും കണ്ടിട്ടുണ്ട്. അദ്ദേഹത്തെ അതേ രീതിയിൽ നോവലിലും കാണുന്നതുകൊണ്ട് എന്തു പ്രയോജനം? പൊക്കം കുറഞ്ഞ തെങ്ങിൽ നിന്ന് തേങ്ങ പറിച്ചെടുക്കുന്നതുപോലെ ജീവചരിത്രത്തെ സംബന്ധിച്ച സംഭവനാളികേരങ്ങൾ പറിച്ചെടുത്തു നമ്മുടെ മുൻപിൽ വച്ചു കെ. സുരേന്ദ്രൻ. അദ്ദേഹത്തിന്റെ പാരമ്പര്യം ഇവിടെ പലരും പുലർത്തിപ്പോരുന്നു.

രണ്ടാമത്തെ രീതി എന്തെന്ന് ഞാൻ വിശദീകരിക്കേണ്ടതില്ല. അതിന്റെ സ്വഭാവം മനസ്സിലാക്കുന്നതിന് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ‘കളിത്തോക്ക്’ എന്ന പേരിൽ അർഷാദ് ബത്തേരി എഴുതിയ കഥ വായിച്ചാൽ മതി. സംഭവിക്കാത്തതും സംഭവിക്കുന്നതുമായ പല കാര്യങ്ങളെ അവലംബിച്ച് കഥാകാരന്മാർ എഴുതാറുണ്ട്. അർഷാദിന്റെ രീതി, സംഭവിക്കാത്തത്. വർണ്ണിച്ച് വായനക്കാരെ ‘അങ്കലാപ്പിൽ’ ആക്കുക എന്നതാണ്. ആദ്യം നമ്മൾ കാണുന്നത് കൈത്തോക്കാണ്. അത് കളിത്തോക്കാണത്രേ. കാഞ്ചി വലിച്ചപ്പോൾ അതിൽ നിന്ന് വെള്ളം വന്നുപോലും. ഈ കളിത്തോക്ക് മാരകായുധമായിത്തീരുന്നു കഥയുടെ പര്യവസാനത്തിൽ. അതിൽ നിന്നു പൊട്ടുന്ന വെടി കഥ പറയുന്നവന്റെ നെഞ്ചിലേക്കാണ് പാഞ്ഞുകയറുക. അവൻ മരിച്ചില്ലായിരിക്കും. മരിച്ചെങ്കിൽ ആത്മകഥ രേഖപ്പെടുത്തുന്നത് എങ്ങനെ. എന്തൊരു ഇഡിയസിയാണ് ഇക്കഥ! ബഷീറും മറ്റും രചനകൊണ്ട് വായനക്കാരെ hypnotize ചെയ്യിരുന്നു. ഇക്കാലത്ത് ഏറെപ്പേരും കഥയെഴുതി വായനക്കാരെ കൊല്ലുന്നു.

ആത്മവഞ്ചന, ജനവഞ്ചന


അൽബെർതോ മൊറാവ്

ആത്മവഞ്ചനയും ജനവഞ്ചനയും പടിഞ്ഞാറൻ പ്രസാധകർ നടത്തിക്കൊണ്ടിരിക്കുന്നു. അതിൽ പെട്ടുന്നവർക്കു ക്ഷോഭമുണ്ടാകുന്നു. ധനനഷ്ടമുണ്ടാകുന്നു. എല്ലാം പറയാൻ സ്ഥലമില്ല ഇവിടെ. അൽബെർതോ മൊറാവ്യയുടെ നോവലുകളും ചെറുകഥകളും ഞാൻ പണ്ടു വായിച്ചിട്ടുണ്ട്. രണ്ടുമാസം മുൻപ് അദ്ദേഹത്തിന്റെ രണ്ടു നോവലുകളുടെ തർജ്ജമ വന്നു. പുതിയ പേരുകൾ. ഞാൻ വലിയ വിലകൊടുത്ത് അവ രണ്ടും വാങ്ങി. വീട്ടിൽക്കൊണ്ടുവന്ന് വായന തുടങ്ങിയപ്പോൾ മുൻപ്പു വായിച്ചുവെന്ന തോന്നൽ. ഷെൽഫിൽ നിന്ന് മൊറാവ്യയുടെ നോവലുകൾ എടുത്തുനോക്കി. പുതിയ നോവലുകളല്ല ഞാൻ വാങ്ങിയത്. നോവലുകളുടെ പേരുകൾ മാറ്റി അച്ചടിച്ചിരിക്കുന്നു. ഞാൻ വഞ്ചിക്കപ്പെട്ടു. ബോർഹേസിന്റെ പ്രബന്ധങ്ങൾ കണ്ടു വാങ്ങി ഭീകരമായ വിലയ്ക്ക്. വീട്ടിലെത്തി വായന തുടങ്ങിയപ്പോഴാണ് ഓരോ പ്രബന്ധവും ഞാൻ മുൻപ് വായിച്ചിട്ടുള്ളതാണെന്ന വസ്തുത ഗ്രഹിക്കാനായത്. പേരുമാറ്റം കരുതിക്കൂട്ടി പ്രസാധകർ ചെയ്യുന്നതാണ് എന്നതിൽ സംശയമേയില്ല.

രണ്ടാമത്തെ വഞ്ചന പ്രസാധകർ പുസ്തകത്തിന്റെ കവറിലും കവറിന്റെ മടക്കിയ ഭാഗങ്ങളിലും അച്ചടിക്കുന്ന നിരൂപകരുടെ പ്രസ്താവങ്ങളാണ്. അവർക്കു പണം കൊടുത്താവും ഈ പ്രസ്താവങ്ങൾ വാങ്ങി അച്ചടിക്കുക. ബഹുജനം അവ കണ്ട് പുസ്തകങ്ങൾ വാങ്ങുന്നു, വായിക്കുന്നു, ചവറാണെന്നു മനസ്സിലാക്കുന്നു. പണം നഷ്ടപ്പെട്ട ദുഃഖത്തോടുകൂടി ഇരിക്കുന്നു. ഈയിടെ Hari Kunzru വിന്റെ “The Impressionist” എന്ന നോവൽ വാങ്ങി ഞാൻ വഞ്ചിതനായി. “The most eagerly awaited debut of 2002” എന്നു Observer. “Epic in scope and ambition… the pace is rollicking… a work that will be talked about everywhere” എന്ന് Daily Telegraph. “Beautifully written, daringly plotted, funny and sweeping… sophisticated, relevant, heart-breaking” എന്ന് Tracy Chevalier. ഇത്രയും കള്ളം പറയുകയില്ലെന്നു കരുതി വലിയ വില കൊടുത്തു നോവൽ വാങ്ങി വായിച്ചു. തലയ്ക്കു മൂന്നതവണ ചുറ്റി ആവുന്നത്ര ശക്തി സംഭരിച്ച് ആഞ്ഞെറിയേണ്ട നോവലാണ് അതെന്ന് ഗ്രഹിച്ചു. ഡൊറാത്തി പാർക്കർ പറഞ്ഞില്ലേ This is not a novel to be tossed aside lightly. It should be thrown with great force. എറിഞ്ഞാൽ പ്രസാധകരുടെ മുൻപിൽ ചെന്നുവീഴണം. അത്രകണ്ടു ഗർഹണീയമാണിത്.

വർഷം 1903. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്ന കാലം. അവരുടെ ഒരുദ്യോഗസ്ഥനായ റൊനാൾഡ് ഫോസ്റ്റർ മലയിൽ നിന്ന് ഒഴുകിവന്ന-അസാധാരണമായ വേഗത്തിൽ ഒഴുകിവന്ന-വെള്ളത്തിൽ പെട്ടുപോയി. ശ്വാസകോശത്തിൽ വെള്ളം നിറഞ്ഞ് ശ്വാസത്തിനുവേണ്ടി വലിച്ചു വലിച്ച് അയാൾ ഒരു ഗുഹാമുഖത്തെത്തി. അവിടെ നില്ക്കുന്നു ഒരു ദേവത. പ്രാകൃതവും നിഷ്ഠുരവുമായ രൂപം അവളുടേത്. ശരീരമാകെ ചെളി. താൻ അവളെ സൃഷ്ടിച്ചതാണോ എന്ന് അയാൾക്കു സംശയം. അവൾ മുന്നോട്ടേക്കുവന്ന് അയാളുടെ ഷേർടിന്റെ ബട്ടൺ ഊരി. അപ്പോഴാണ് അയാൾക്കു മനസ്സിലായത് അവളാണ് തന്നെ സൃഷ്ടിച്ചതെന്ന്. ഗുഹയ്ക്കു പുറത്ത് കൊടുങ്കാറ്റ് തകർക്കുന്നു.… inside the cave her small hands are curling around his penis and lugging down in a tumble of limbs on to the floor. (ഈ ഭാഗം വായിച്ചപ്പോൾ ഞാൻ നോവലിസ്റ്റിന്റെ പ്രായം നോക്കി. ജനിച്ചവർഷം 1969. മുപ്പത്തിമൂന്നു വയസ്സ്. ഈ പ്രായത്തിൽ ഇത്രയല്ലേ എഴുതിയുള്ളു കൺസ്രു) ഗുഹയിലെ അഗ്നി കെടുന്നതുവരെ അവർ ഒരുമിച്ചു കിടന്നു. ഫോസ്റ്റർ ഗുഹയ്ക്കകത്തുനിന്നു പുറത്തു വന്നു. ഒരു മരം വെള്ളപ്പൊക്കത്തിൽ ഒഴുകിവന്നു. അയാൾ അതിൽ ചാടിക്കയറി. മരം അയാളെയും കൊണ്ടു ഒഴുകിപ്പോയി. അയാളെ ബലാത്സംഗം ചെയ്ത ദേവതയുടെ പേര് അമൃത. അവൾക്കു പത്തൊൻപതു വയസ്സ്. അമൃതയുടെ വിവാഹം തീർച്ചപ്പെടുത്തിയിരിക്കുകയാണ്. പോർട്ടർമാർ അവളെ ഭാവിഭർത്താവിന്റെ അടുക്കലേക്കു കൊണ്ടുപോകും. ഇങ്ങനെ അവിശ്വാസ്യതയിൽ ആരംഭിക്കുന്ന നോവൽ ആ അവിശ്വാസ്യത പുലർത്തികൊണ്ടു മുന്നോട്ടുപോകുന്നു. അമൃത പെറ്റു. സായിന്റെ മകൻ. പ്രാൺനാഥ്—സായിപ്പിന്റെ മകൻ—തന്തയെപ്പോലെതന്നെ. ബലാത്സംഗത്തിലാണ് അവനു താൽപര്യം. പരിചാരികയെ ബലാത്കാരസംഭോഗം ചെയ്യാൻ അവൻ തുനിഞ്ഞു. തന്റെ മകനായി വിലസുന്ന പ്രാൺനാഥിന്റെ യഥാർത്ഥപിതൃത്വം ഏതാണ്ടു ഗ്രഹിച്ച ഗൃഹനായകൻ അവനെ വീട്ടിനു പുറത്താക്കി. കുറെക്കാലം ഒരു വേശ്യാലയത്തിൽ കഴിഞ്ഞുകൂടിയ പ്രാൺനാഥ് ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥന്റെ രതിക്കു വിധേയനായിട്ട് ഒരു സായിപ്പിന്റെ പേരു സ്വീകരിച്ച് ലണ്ടനിൽ പോയി. ഓക്സ്ഫഡിൽ ചെന്ന അയാൾ ഒടുവിൽ ആഫ്രിക്കയിലേക്കു യാത്രയായി.


ഓ. വി. വിജയൻ

കുറച്ച് അഡ്ഓലെസന്റ് സെക്സ്. പ്രധാന കഥാപാത്രത്തിന്റെ സാഹസകർമ്മങ്ങൾ, അവിശ്വാസ്യത ഇവയെല്ലാം കൂട്ടിച്ചേർത്ത ഒരു അവിയൽ പൈങ്കിളിയാണ് ഈ നോവൽ. പതിനാറാം ശതാബ്ദത്തിൽ ഉണ്ടാകേണ്ട ഒരു കൃതി. കഷ്ടപ്പെട്ടുണ്ടാകുന്ന പണം അപഹരിച്ചുകൊണ്ട് പത്രക്കാരുടെ സൗജന്യമാധുര്യത്താൽ പ്രചാരമാർന്ന് അത് വിരാജിക്കുന്നു. പൊടിപടലത്തെ കാറ്റ് അടിച്ചു പറത്തുമ്പോൾ സൂര്യരശ്മി അതിൽ പതിഞ്ഞാൽ ഓരോ പൊടിയും വജ്രമായിത്തീരുമെന്ന് ഒരു ഇംഗ്ലീഷ് കവി പറഞ്ഞിട്ടുണ്ട്. നിത്യജീവിതസംഭവം പൊടിയാണെങ്കിൽ ഭാവനയുടെ രശ്മി അതിൽ വീഴുമ്പോഴാണ് വജ്രകാന്തി ചിന്നുന്നത്. കൺസ്രുവിന് ഭാവനയില്ല. അതിനാൽ അദ്ദേഹത്തിന്റെ ഈ നോവൽ വെറും ചവറാണ് (The Impressionist; Hari Kunzru; Hamish Hamilton, p. 481, Indian price Rs. 7.50).

നിരീക്ഷണങ്ങൾ

1. ഞാൻ ചെറുപ്പക്കാർ ഓടിക്കുന്ന ഓട്ടോറിക്ഷയിൽ കയറാറില്ല. വാഹനം അവർ വലിയ വേഗത്തിൽ ഓടിക്കും. അത് ആപത്തുണ്ടാക്കും. ഒരു ദിവസം ചെറുപ്പക്കാരൻ ഡ്രൈവറായിരുന്ന ഓട്ടോറിക്ഷയിൽ കയറേണ്ടതായി വന്നു എനിക്ക്. മിന്നൽ വേഗത്തിലാണ് ഓടിക്കൽ. ഞാനൊരു കള്ളം പറഞ്ഞു: ‘അനിയാ എനിക്കു ഹൃദയത്തിനു രോഗമുണ്ട്. നിങ്ങൾക്കു സഡൻ ബ്രെയ്ക്ക് ഇടേണ്ടതായി വന്നാൽ ഞാൻ ഇതിലിരുന്നു ചാകും. നിങ്ങൾ എന്നെക്കൊന്നതാണെന്ന് പോലീസ് പറയും. ചെയ്യാത്ത കുറ്റത്തിന് നിങ്ങൾ മർദ്ദിക്കപ്പെടും.’ ഇത്രയും പറഞ്ഞുതീരുന്നതിനുമുമ്പ് അയാൾ വാഹനത്തിന്റെ വേഗം കുറച്ചു. എങ്കിലും സ്വന്തം പ്രവൃത്തിയെ നീതിമത്കരിക്കാനായി അയാൾ പറഞ്ഞു: ‘വരാനുള്ളത് വരും. ഈശ്വരനിശ്ചയമനുസരിച്ചേ ഏതും നടക്കൂ.’ ഞാൻ മറുപടി നൽകി:- “ഈശ്വരൻ ഒരു principle ആണ്. ആ പ്രിൻസിപ്പൽ അനുസരിച്ച് മൂർച്ചയുള്ള പേനാക്കത്തി കൊണ്ടു വിരലിൽ ആഞ്ഞു വെട്ടിയാൽ അതു മുറിഞ്ഞുപോകും. അതുപോലെ വാഹനത്തിന്റെ വേഗം കൂടിയാൽ അതു മറിയും. മറ്റു വാഹനങ്ങളിൽ ചെന്നിടിക്കും. അതും ഈശ്വരനിയമമാണ്. പതുക്കെപ്പോയാൽ ആപത്തുവരില്ല എന്നത് ഈശ്വരനിയമമത്രേ.” ‘അതു ശരി’ എന്നു ഡ്രൈവർ സമ്മതിച്ചു. കഴിഞ്ഞയാഴ്ചയും ഞാൻ ചെറുപ്പക്കാരൻ ഓടിക്കുന്ന ഓട്ടോറിക്ഷയിൽ കയറി. വാഹനം നിറുത്തികഴിഞ്ഞാൽ കേറുക എന്നതേ സാദ്ധ്യമാകൂ. അതല്ലാതെ ഡ്രൈവറുടെ പ്രായം നോക്കാനൊക്കുമോ? പ്രായം ചോദിക്കാനൊക്കുമോ? പ്രായം ചോദിച്ചാൽ ഇപ്പോഴത്തെ ഡ്രൈവർമാർ എം. എ.ക്കാരും എം. എസ്. സി.ക്കാരുമാണ്. ‘എന്റെ വിവാഹം കഴിഞ്ഞു എന്റെ പ്രായമറിഞ്ഞതുകൊണ്ട് താങ്കൾക്ക് പ്രയോജനമില്ല എന്ന് പറഞ്ഞാലോ? ഞാൻ പ്രതീക്ഷിച്ചതു സംഭവിച്ചു. പേടിയുണ്ടാകുന്ന മട്ടിൽ ഡ്രൈവർ വാഹനമോടിച്ചു. വീട്ട് അടുക്കാറായി. മനസ്സിരുത്താതെ ഷേർടിന്റെ പോക്കറ്റിൽ വച്ചിരുന്ന നൂറുരൂപ നോട്ട് പറന്നുപോയി. കുറ്റിക്കാടുകളാണ് റോഡിന്റെ ഒരുവശത്ത്. ഞാൻ ഓട്ടോറിക്ഷ നിറുത്തിച്ച് നോട്ട് നോക്കി. കണ്ടില്ല. നിരാശനായി. വീണ്ടും വാഹനത്തിൽ കയറി. തെല്ലു ദൂരം താണ്ടിയപ്പോൾ വീട്ടിന്റെ നടയിലെത്തി. രൂപ നഷ്ടപ്പെട്ട ദുഃഖത്തോടെ കുട്ടികൃഷ്ണമാരാരുടെ രഘുവംശം ഗദ്യപരിഭാഷ വായിച്ചു. രാത്രിയായി. നല്ല നിലാവ്. ഒന്നുകൂടെ നോക്കാമെന്ന വിചാരിച്ച് നോട്ട് നഷ്ടപ്പെട്ട സ്ഥലത്തെത്തി. പാലുപോലുള്ള നിലാവ്. നല്ലപോലെ നോക്കി. നോട്ട് കിട്ടിയില്ല. സൂര്യപ്രകാശത്തിൽ അതിന്റെ തീക്ഷണതയിൽ കാണാത്ത നോട്ട് ചന്ദ്രപ്രകാശത്തിൽ കാണുമോ? വീണ്ടും വീട്ടിലെത്തി. മാരാരുടെ വ്യാഖ്യാനമുള്ള ഗ്രന്ഥമെടുത്തു വായന തുടങ്ങി. അദ്ഭുതാവഹമായ സാദൃശ്യം മല്ലിനാഥൻ പറഞ്ഞതേ കുട്ടികൃഷ്ണമാരാർക്കും പറയാനുള്ളൂ. മാരാർ പറഞ്ഞത് വെള്ളമേറെ ചേർത്തിട്ടാണ് എന്നതു വ്യത്യാസം. എന്തിന് അദ്ഭുതം. സൂര്യന്റെ രശ്മികൾ പതിഞ്ഞിട്ടല്ലേ ചന്ദ്രൻ പ്രകാശിക്കുന്നത്. തീക്ഷ്ണത മൃദുത്വമായി മാറും പ്രതിഫലനമുണ്ടാകുമ്പോൾ. മല്ലിനാഥന്റെ മയൂഖ തീക്ഷ്ണത കുട്ടികൃഷ്ണമാരാരുടെ വ്യാഖ്യാനത്തിൽ മയൂഖമൃദുത്വമായി മാറും.
2. ഞാൻ അങ്ങനെ സ്വപ്നം കാണാറില്ല. ഉറക്കത്തിൽ ഒരു ദിവസം എനിക്കൊരു പേടിസ്വപ്നമുണ്ടായി. സ്വപ്നത്തിൽ സഹധർമ്മിണി വന്നു പറഞ്ഞു: ‘ആരോ കാണാൻ വന്നിരിക്കുന്നു.’ ഞാൻ എഴുന്നേറ്റ് ചെന്നു വാതിൽ തുറന്നു. കോർപ്പറേയ്ഷൻ ഉദ്യോഗസ്ഥൻ നില്ക്കുന്നു. അദ്ദേഹം ഗൗരവത്തിൽ ചോദിച്ചു: ‘നിങ്ങൾ മൂട്ടയെ വളർത്തുന്നുണ്ടോ?’ ‘ഇല്ല’ എന്നു ഉത്തരം. ‘കട്ടിലിൽ മൂട്ടയില്ലേ?’ എന്നു ഉദ്യോഗസ്ഥൻ. ‘ഉണ്ട്’ എന്നു എന്റെ മറുപടി. ‘അവ കടിച്ചാൽ നിങ്ങളെന്തു ചെയ്യും?’ എന്നു കോർപ്പറെയ്ഷൻകാരൻ വീണ്ടും. എന്റെ ഉത്തരം. ‘ചൊറിയാൻ വയ്യാത്ത സ്ഥലം നോക്കി മൂട്ട മുതുകിൽ കടിക്കും. ഞാൻ നീളമുള്ള പ്ലാസ്റ്റിക് സ്കെയിൽ അടുത്തുവച്ചിട്ടുണ്ട്. അതു കടികൊണ്ട ഭാഗത്തേക്കുനോക്കി ചൊറിയും. എന്നിട്ട് തീപ്പെട്ടി ഉരച്ച് മൂട്ടയുള്ള ഭാഗത്ത് വയ്ക്കും. അതു കരിയുന്ന നാറ്റം വന്നാലേ ഞാൻ തീപ്പെട്ടികൊള്ളി ഉരയ്ക്കുന്നതും തീവയ്ക്കുന്നതും നിറുത്തുകയുള്ളൂ.’ ഉദ്യോഗസ്ഥൻ കോപാകുലനായി അറിയിച്ചു. ‘നിങ്ങൾ കൊതുകു വളർത്തുന്നവരാണ്. ഇനി മൂട്ടയും വളർത്തും. കൊതുകിന് റ്റാക്സ് വയ്ക്കാനുള്ള ഓർഡറായി. മൂട്ടയെ കൊല്ലരുത്. നിങ്ങളെ അറസ്റ്റ് ചെയ്യും. മൂട്ടയെ ആവോളം വളർത്തു. ഒരു മൂട്ടയ്ക്കു നൂറുരൂപ റ്റാക്സ് ഏർപ്പെടുത്താൻ നഗരസഭ തീരുമാനിച്ചുകഴിഞ്ഞു’. ഞാൻ ഞെട്ടി കണ്ണു തുറന്നു. എന്താ ഉറക്കത്തിൽ മൂട്ട. കൊതുക് എന്നൊക്കെപ്പറഞ്ഞതു? പേടിസ്വപ്നത്തിന്റെ പിടിയിൽനിന്ന് സമ്പൂർണ്ണമായ മോചനമില്ലാതെ ഞാൻ ചോദിച്ചു? അദ്ദേഹം പോയോ? ‘ഏതദ്ദേഹം?’ എന്നു സഹധർമ്മിണി. ‘കോർപ്പറെയ്ഷൻ ഉദ്യോഗസ്ഥൻ’ എന്ന് എന്റെ മറുപടി.
3. ഓ. വി. വിജയന്റെ ‘ഖസാക്കിന്റെ ഇതിഹാസം’ എന്ന നോവൽ ആ പ്രദേശത്തിന്റെ ഇതിഹാസമായി നമുക്കു തോന്നുന്നില്ല. നമ്മളും ഖസാഖിൽ ജീവിക്കുന്നവരായേ തോന്നുകയുള്ളൂ. അത് രവിയുടെ കഥയല്ല. രവി നമ്മുടെ ബന്ധുവാണ്. ആ ബന്ധുവിന്റെ ഭാഗ്യവും ഭാഗ്യക്കേടും നമ്മുടെ ഭാഗ്യവും ഭാഗ്യക്കേടുമാണ്. ഇതൊരു ഇല്യൂഷ്യനാകാം. ആ ഇല്യൂഷനുണ്ടാക്കാൻ വിജയനു കഴിഞ്ഞിരിക്കുന്നു.
4. തകഴിയുടെ ‘കയർ’ എന്ന നോവൽ വായിച്ചാൽ അദ്ദേഹം വർണ്ണിക്കുന്ന പ്രദേശവും ക്ലാസിപ്പേർ തുടങ്ങിയ കഥാപാത്രങ്ങളും നമ്മുടേതല്ല എന്നൊരു തോന്നൽ. വിജയൻ അനായാസമായി ഇല്യൂഷ്യൻ നിർമ്മിക്കുന്നു. കയർ എഴുതിയ തകഴിക്ക് ആ നിർമ്മിതിക്കു കഴിയുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ ‘വെള്ളപ്പൊക്കത്തിൽ’ എന്ന ചെറുകഥയിലെ കുട്ടനാടൻ പ്രദേശം നമ്മുടെ സ്വന്തം പ്രദേശമായി തോന്നുന്നു. അവിടെ വെള്ളപ്പൊക്കത്തിൽ മുങ്ങിച്ചാകാൻ പോകുന്ന നായ് നമ്മുടെനായായി മാറുന്നു. അതിന്റെ ശവം കണ്ട് നയനങ്ങൾ ആർദ്രങ്ങളാവുന്നു. ഇല്യൂഷ്യൻ നിർമ്മിതി നടന്നുവെന്ന് അർത്ഥം.
5. ഈ നിർമ്മിതിയിൽ ഏറ്റവും വൈദഗ്ദ്യം ബഷീറിനാണുള്ളത്. പൂവമ്പഴം എന്ന ഭാര്യയെക്കൊണ്ടു പറയിച്ച് ഓറഞ്ചിതൾ അവളെ തീറ്റിക്കുന്ന ഭർത്താവിനോട് എനിക്കു ശത്രുത. അതു തിന്ന് പൂവമ്പഴം എന്നു പറയുന്ന ഭാര്യയോട് എനിക്കു സ്നേഹം. അവളെ ജീവനോടെ കാണാൻ എനിക്കു കൊതി. കലാകാരന്മാർ ഈ ഇല്യൂഷൻ നിർമ്മിക്കണം. അല്ലാതെ അത്യന്താധുനികരെപ്പോലെ വായനക്കാരെ കഥയിൽ നിന്നു വേർതിരിച്ചു നിറുത്തരുത്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.